പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3366 — 24.02.2016 ൽ മറുപടിക്ക്

## കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ആയിറ്റയിൽ പ്രവർത്തിക്കുന്ന കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമായി പ്രവർത്തിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | കൊറ്റിയിൽ നിന്നും കോട്ടപ്പുറത്തേയ്ക്ക് ബോട്ട് സർവ്വീസ് നടത്തിയിരുന്നു. എന്നാൽ മാവിലേടം-ഓരുമുക്ക് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കായലിൽ ബണ്ട് സ്ഥാപിച്ചിരുന്നതിനാൽ ടി സർവ്വീസ് മാവിലേടം വരെയായി കുറയ്ക്കുകയാണുണ്ടായത്. പാലം പണി പൂർത്തീകരിച്ച് ബണ്ട് നീക്കം ചെയ്തുവെങ്കിലും ജലപാതയിൽ ജലഗതാഗതത്തിന് ആവശ്യമായ ആഴം ഇല്ലാതെ വരികയും മൺതിട്ടകൾ രൂപപ്പെടുകയും ചെയ്തു. കൃത്യമായി മണ്ണു നീക്കൽ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്തതിനാൽ ടി റൂട്ടിലൂടെ നിലവിൽ സുരക്ഷിതമായി സർവ്വീസ് നടത്തുവാൻ സാധ്യമല്ല. പ്രസ്തുത പ്രദേശങ്ങളിൽ ആവശ്യമായ ആഴം കൂട്ടുന്നതിനും ജെട്ടികൾ പുനഃനിർമ്മിക്കുന്നതിനും ഇൻലാന്റ് നാവിഗേഷൻ, ഇറിഗേഷൻ എന്നീ വകുപ്പുകൾ വഴി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റൂട്ടിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | രണ്ടു ബോട്ടുകൾ സർവ്വീസ് നടത്തുന്നു. ഒരു ബോട്ട് കൊറ്റി മുതൽ മാവിലേടം വരേയും മറ്റൊന്ന് കൊറ്റി മുതൽ പടന്ന വരെയും. |

സെക്ഷൻ ഓഫീസർ